(സി) ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുമായി ആശയ വിനിമയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കയർ ഭൂവസ്ത്രം ഒരു നിർമ്മാണ വസ്തുവായി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റു വിവിധ സർക്കാർ അർദ്ധസർക്കാർ ഏജൻസികളും കയർ ഭൂവസ്ത്രം നിർമ്മാണത്തിന് ഉപയോഗിക്കുന്നതിലേക്കായി നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കുക വഴി വലിയൊരളവ് വരെ നിർമ്മാണച്ചെലവ് കുറയ്ക്കാവുന്നതാണ്. കയർ ഭൂവസ്ത്രത്തിന്റെ വിവിധ സാധ്യതകളെ സംബന്ധിച്ച് തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും അറിവ് നൽകുന്നതിലേക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ കയർ വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇ.എം.എസ്. ഭവന പദ്ധതിക്കായി സഹകരണ മേഖലയിൽ നിന്നും വായ്പ

43(2295) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതിക്കായി സഹകരണ മേഖലയിൽ നിന്നും ഇതുവരെ എത്രകോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം വായ്പകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതാത് മേഖലയിലെ സഹകരണ സ്ഥപാനങ്ങളിൽ നിന്നും നേരിട്ട് നൽകുന്നത് സംബന്ധിച്ച് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത് ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന വായ്പകളുടെ പലിശ സബ്സിഡി നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുമോ ;

(ഡി) ഈ സാമ്പത്തിക വർഷം ഈയിനത്തിൽ എത്രകോടി രൂപ ധനസഹായം നൽകേണ്ടി വരുമെന്നാണ് കണക്കാക്കുന്നത് ?

ഉത്തരം

(എ) ഇ.എം.എസ്. ഭവനപദ്ധതിക്കായി സഹകരണ മേഖലയിൽ നിന്നും ഇതുവരെ 686.20 കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവനപദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പ നൽകുന്നത് സംബന്ധിച്ച് സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ താഴെക്കാണും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പ്രവർത്തന പരിധിക്കകത്തുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വായ്പ എടുക്കാവുന്നതും, ടി സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാകാതെ വരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വായ്പ എടുക്കാവുന്നതാണ്.

2. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ആവശ്യമുള്ള തുക മുഴുവനും ഒരു സംഘം/ബാങ്കിൽ നിന്നും വായ്പയായി ലഭിക്കുന്നില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തന പരിധിക്കത്തുള്ള ഒന്നിൽക്കൂടുതൽ സംഘം/ ബാങ്കിൽ നിന്നും വായ്പ എടുക്കാവുന്നതാണ്.

3. പ്രാഥമിക സഹകരണ സംഘത്തിന്/ബാങ്കിന് ഫണ്ടിന്റെ ലഭ്യതക്കുറവുണ്ടെങ്കിൽ ആ ബാങ്കിന് ജില്ലാ സഹകരണ ബാങ്കിൽ നിന്നും, ജില്ലാ സഹകരണ ബാങ്കിന് ഫണ്ടിന്റെ ലഭ്യതകുറവുണ്ടെങ്കിൽ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ഫണ്ട് ലഭ്യമാക്കാവുന്നതാണ്. ജില്ലാ സഹകരണ ബാങ്കുകൾ 9.5% പലിശ നിരക്കിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും സംസ്ഥാന സഹകരണ ബാങ്ക് 9% പലിശ നിരക്കിൽ ജില്ലാ സഹകരണ ബാങ്കുകൾക്കും വായ്പ ലഭ്യമാക്കേണ്ടതാണ്.

4. ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്കുപഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും പ്രാഥമിക സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നോ, ജില്ലാ സഹകരണ ബാങ്കിൽ നിന്നോ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നോ വായ്പ ലഭ്യമാക്കാവുന്നതാണ്.

(സി) ഇ.എം.എസ്. ഭവനപദ്ധതിക്കായി സഹകരണസംഘം/ബാങ്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ വായ്പയെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഗ്രാമവികസന കമ്മീഷണർ ശേഖരിച്ച് സർക്കാരിനും കൺട്രോളിംഗ് ആഫീസർമാർക്കും ലഭ്യമാക്കുന്നു. ഗ്രാമവികസന കമ്മീഷണർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ/ശേഖരിക്കുന്നതിന് സമാന്തരമായി സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർ വിവരങ്ങൾ ശേഖരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും കൺട്രോളിംഗ് ആഫീസർമാരായ പഞ്ചായത്ത് ഡയറക്ടർക്കും ഗ്രാമവികസന കമ്മീഷണർക്കും നഗരകാര്യ ഡയറക്ടർക്കും തദ്ദേശസ്വയംഭരണ (എഫ്എം.) വകുപ്പ് അഡീഷണൽ സെക്രട്ടറിക്കും ലഭ്യമാക്കുന്നു. ഗ്രാമവികസന കമ്മീഷണറും സഹകരണ സംഘം രജിസ്ട്രാറും ലഭ്യമാക്കുന്ന വിവരങ്ങൾ കൺട്രോളിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ആഫീസർമാർ താരതമ്യം ചെയ്ത് റീകൺസിലിയേഷൻ നടത്തി സർക്കാരിന് സമർപ്പിക്കുന്നു. വായ്പകളുടെ പലിശ ഓരോ വർഷവും നാലു പാദങ്ങളിലായി സർക്കാർ അനുവദിക്കുന്നു. ഓരോ പാദത്തിന്റെയും അവസാന തീയതികളായ ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31, മാർച്ച് 31-ൽ അവസാനിക്കുന്ന വായ്പാ തുകയ്ക്ക് പലിശ കണക്കാക്കി ക്ലെയിം ചെയ്യുകയും ടി പലിശ തുക ഓരോ പാദത്തിന്റെയും തൊട്ടടുത്ത മാസം 15-ാം തീയതിക്കകം കേരള സംസ്ഥാന സഹകരണ ബാങ്കിന് നൽകുകയും ചെയ്യുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക് ടി മാസത്തിൽ തന്നെ പലിശ തുക ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകുന്നു.

(ഡി) ഈ സാമ്പത്തിക വർഷം പലിശ ഇനത്തിൽ 31.77 കോടി രൂപയുടെ ധനസഹായം നൽകേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്.

ചകിരിയുടെ ലഭ്യത ഉറപ്പാക്കാൻ നടപടി

44(2286) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ വ്യവസായത്തിന്റെ പ്രധാന ഘടകമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ ;

(ബി) ഇതിനായി പച്ചത്തൊണ്ടിന്റെ കാര്യക്ഷമമായ ശേഖരണത്തിന് തേങ്ങ ഉല്പാദിപ്പിക്കുന്ന എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും തൊണ്ട് ശേഖരണ കൺസോർഷ്യങ്ങൾ രൂപീകരിക്കണമെന്ന നിർദ്ദേശം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ബ്ലോക്ക് തലത്തിൽ ഇത്തരം എത്ര കൺസോർഷ്യങ്ങൾ ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നറിയിക്കുമോ ;

(ഡി) പ്രസ്തുത കൺസോർഷ്യങ്ങളുടെ മൂലധന സഹായമായി സർക്കാർ എന്ത് തുക ഇതുവരെ നൽകിയിട്ടുണ്ട് ;

(ഇ) ഈ വർഷം ഇത്തരത്തിൽ എത്ര പുതിയ കൺസോർഷ്യങ്ങൾകൂടി രൂപീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

ഉത്തരം

(എ) ചകിരി ലഭ്യത ഉറപ്പാക്കാൻ ചുവടെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ സ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly